**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1363** **04-02-2019 ൽ മറുപടിക്ക്**

**വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന്റെ നടപടിക്രമങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. കെ. സി. മമ്മത് കോയ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഒരു വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി സർക്കാരിന്റെയോ പൊതുവായതോ ആയ ആവശ്യത്തിന് മറ്റൊരു വകുപ്പിന് കൈമാറുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; | (എ) സേവന വകുപ്പുകൾക്ക് ഭൂമി കൈമാറുന്നത് 1968 ലെ സർക്കാർ ഭൂമിയും കെട്ടിടങ്ങളും കൈമാറ്റ ചട്ടങ്ങൾ പ്രകാരമാണ്. വർദ്ധിച്ചു വരുന്ന വികസനാവശ്യങ്ങൾ ഭൂമി കൈമാറ്റ ത്തിനുള്ള കാലതാമസം എന്നിവ പരിഗണിച്ച് നഗരപ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് 05.06.2018 ലെ ജി.ഒ (പി) നം. 31/18/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകി യിട്ടുള്ളതാണ്. ടി ഉത്തരവിന്റെയും വിശദമായ വില നിർണ്ണയം ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശ ത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുന്നതിന് 01.11.2018 ലെ എൽ.ആർ കെ.2-27511/17-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് സങ്കീർണ്ണമായ നടപടിക്രമങ്ങൾ നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) എങ്കിൽ ഈ നടപടിക്രമങ്ങൾ ലളിതമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നിലനിന്നിരുന്ന നടപടി ക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് ഗവൺമെന്റ് 05.06.2018-ൽ ജി.ഒ (പി) 31/18 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. നിലവിൽ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് സങ്കീർണ്ണമായ നടപടി ക്രമങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**